# കണ്ണാടിഇഞ്ഞനൽ

## ചെറിയാൻ കെ ചെറിയാൻ

അടച്ച ജാലകത്തിന്റെ
കണ്ണാടിച്ചില്ലു പൊട്ടവേ
അതിലൂടെ വരുന്നല്ലോ
കാറ്റിൻ സൗരഭസൗഹൃദം !

ആരാവാം, നിങ്ങളാരാവാം,
കുസൃതിക്കരുമാടികൾ
കല്ലാലിന്നു തകർത്തൂ മേ
ഹൃദയത്തിന്റെ ജാലകം ?

കല്ലെറിഞ്ഞു കളിക്കാനേ
നിങ്ങൾക്കേറുന്നു കൗതുകം !
തല്ലുകൂടി രസിക്കാനേ
നിങ്ങൾക്കിന്നുള്ളിലാഗ്രഹം !

നീലാകാശപ്പരപ്പിന്മേൽ
സൂര്യഗോളകപമ്പരം
കറങ്ങുന്നൂ പകൽതോറും
ചെന്നീടുവിനുരുട്ടുവാൻ !

വർഷകാലം പറപ്പിക്കും
മുകിൽക്കീറുകളൊക്കെയും
നീലപ്പട്ടങ്ങളല്ലല്ലീ ?
ചെല്ലുവിൻ നൂൽ പിടിക്കുവാൻ !

എന്നിട്ടുമെന്തിനേ നിങ്ങൾ
കുരുത്തംകെട്ട കുട്ടികൾ
കല്ലെറിഞ്ഞു തകർത്തൂ മേ
ഹൃദയത്തിന്റെ ജാലകം ?

പഴുതിൻ പിറകിൽ ചെന്നി–
ട്ടൊളികണ്ണു തൊടുത്തതും
ഓടി നിങ്ങൾ മറഞ്ഞല്ലോ
കുസൃതിക്കരുമാടികൾ.

ആരാണുടച്ചതിച്ചില്ലെ–
ന്നാരായാൻ വെമ്പലേറവേ
അരുതെന്നു വിലക്കുന്നൂ
മന്ദമാരുതസൗരഭം.

"ചുമ്മാതിരിക്കുകെ,"ന്നല്ലീ
മണ്ണാത്തിക്കിളി തൻ സ്വരം ?
"വേണേൽ വാലു കടിച്ചോളൂ,"
ഹസിപ്പൂ വാലിളക്കികൾ.

എങ്കിലും നിങ്ങളെത്തേടാൻ,
തുടയ്ക്കിട്ടൊന്നു പോടുവാൻ
ദംഭിനാൽ വെള്ളി കെട്ടിച്ച
ചൂരൽ പേറിയിറങ്ങുവൻ.

കൊടുംകാറ്റു കണക്കേറെ–
പ്പിടഞ്ഞു നടകൊള്ളവേ
അത്ഭുതാർദ്രതയാർന്നെന്നെ
നോക്കിനിൽക്കും വസുന്ധര.

വഴി തെറ്റിക്കുവാൻ വേണ്ടി
പ്പാത പാരം വളഞ്ഞുപോം;
ചരലും കല്ലുമെൻ നേർക്കായ്
നിൽക്കും നിശിതനിശ്ചലം.

കിളുന്നു കുട്ടികൾ നിങ്ങൾ
പേടിപൂണ്ട മുഖത്തൊടേ
ചെമ്പരുത്തിപ്പടർപ്പിന്റെ
പിന്നിൽ പാത്തു പതുങ്ങിടും.

ഞാൻ വിദൂരത്തു കൺനട്ടാ–
പ്പാതയൂടെ നടക്കവേ,
നിങ്ങളാശ്വാസനിശ്വാസം
തൂകി മിണ്ടാതെ നിൽക്കവേ,

അണ്ണാൻ കിടാങ്ങളെൻ നേർക്കായ്
കൺ മിഴിച്ചുറ്റു നോക്കിടും,
ചാടിത്തിരിഞ്ഞു പായുമ്പോൾ
വാലാൽ മാടി വിളിച്ചിടും.

"പോരൂ, തണ്ണീർ കുടിച്ചിട്ടു
പോകാം", ചോലകളാർത്തിടും.
"വെയിലാറീട്ടു പൊയ്ക്കൂടേ?"
ചോദിക്കും വമ്പനാൽത്തണൽ.

നെറ്റിത്തടത്തിലൊന്നൊന്നായ്
ഉരുളും വേർപ്പുതുള്ളികൾ
ചാലായ് മാറുന്ന നേരത്തു
ഞാനാൽത്തറയിലെത്തിടും.

പച്ചപ്പുല്ലുകളെമ്പാടും
മെത്തപ്പായ വിരിച്ചതിൽ
ഞാനുടൻ കൈകൾ പിൻ കുത്തി
ക്കാലും നീട്ടിയിരിക്കവേ,

വീശാൻ വിശറിയും കാട്ടി
ക്കുടപ്പനകളാഞ്ഞിടും.
അടയ്ക്കാമരമോർമ്മിക്കും:
''മുറുക്കാറുള്ളതല്ലയോ?

എത്ര നാളെത്രനാൾ കൂടി
വന്നതാണീ വിരുന്നിനായ് !''
അമ്പരപ്പാർന്നുലഞ്ഞീടും
അന്തർമ്മുഖവിഭാവന:

''ഇത്ര നാളി,ത്രനാളും ഞാൻ
കഴിഞ്ഞതിരുളിൽ സ്വയം;
ഹൃത്താമെൻ ജാലകത്തിന്റെ
പിന്നിൽ മൂഢമനാരതം.

ഏതോ മൂകവിഷാദത്തിൻ
മടി പറ്റിക്കിടക്കയാൽ,
ഏതോ വ്യർത്ഥഭയത്താലുൾ-
ക്കൺകൾ പൂട്ടിപ്പിടയ്ക്കയാൽ,

ചെറുപ്പം തൊട്ടെന്നെ മാറ-
ത്തേന്തിപ്പോറ്റിയൊരമ്മയെ,
ധരിത്രിയെ, മറന്നൂ ഞാൻ,
പൊറുക്കുക, പൊറുക്കുക!

പുഞ്ചിരിക്കാൻ പഠിപ്പിച്ച
പുലരിത്തുടുഭംഗിയെ
വഞ്ചനക്കൺകളാൽ നോക്കീ,
പൊറുക്കുക, പൊറുക്കുക!

എന്തിനായെ,ന്തിനായേവം,
നന്ദി കെട്ട മനസ്സൊടേ
എന്നെപ്പുണർന്നു ഞാനെന്നും
എന്നിൽത്തന്നേ കഴിഞ്ഞുപോയ് !

തൂമയിൽ കൈ കോർത്തുനിൽപൂ
സൗഹൃദാർദ്രം ചരാചരം;
അന്യനായതു ഞാൻ മാത്രം
വന്ദ്യമാം തറവാടിതിൽ !''

തപ്തമാമൊരു നിശ്വാസാ-
ലുള്ളം വിങ്ങിപ്പിടയ്ക്കിലും
അൻപൊടെൻ കവിളിൽത്തട്ടി-
പ്പുൽകും കാറ്റിന്റെ കയ്യുകൾ.

ചിന്തയിൽ കുങ്കുമം ചാർത്തും
സന്ധ്യ, താരാസുമങ്ങളെ
അംബരം കുമ്പിളിൽ നീട്ടും
സഹതാപസ്മിതത്തൊടേ.

കിടാങ്ങൾ നിങ്ങളെപ്പോറ്റു-
മമ്മയാമീ വസുന്ധര
പെറ്റതാണെന്നെയും, പക്ഷേ
ഞാനിന്നന്യൻ അനാശ്രയൻ.

തെറ്റിതെന്റേതെന്നറിഞ്ഞോ-
രപരാധവിമൂകത
മുറ്റിനിൽക്കും മാപ്പിരന്നെൻ
മാറിൽ, മന്നിന്നുദാരത

തമസ്സാം തന്നുടുപുട-
ത്തുമ്പാലെന്നെപ്പൊതിഞ്ഞിടും;
വനപുഷ്പസുഗന്ധത്താൽ
നിശ്വസിച്ചു പുണർന്നിടും !

അപ്പൊഴെൻഹൃദയാന്ധ്യത്തി-
ലനവദ്യാനുഭൂതികൾ
സത്യബോധോദയത്താലേ
ചൊരിയും ദിവ്യസൂക്തികൾ:

''എന്തിനാരെപ്പഴിക്കേണം?
എന്തിനേ കലഹിക്കണം?
കുറ്റമറ്റവനേകട്ടേ
കുറ്റവാളിക്കു ശിക്ഷകൾ...''

മുഗ്ദ്ധമീയാശയത്തിന്റെ
വികാസപരിരംഭണാൽ
ബുദ്ധനായിത്തിരിച്ചെത്തി
മുറിയിൽച്ചെന്നു കേറി ഞാൻ

തകർന്ന ജാലകത്തിന്റെ
കണ്ണാടിപ്പഴുതൂടവേ
നുകർന്നീടും നുകർന്നീടും
കാറ്റിൻ സൗരഭസൗഹൃദം !

– 0 –

1963